# ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി

**കുന്നുംഭാഗം. പി. ഒ., കാഞ്ഞിരപ്പള്ളി പിൻ. 686507**

**Phone No. 04828-203492, 202292. E Mail *thqhkply@gmail.com***

---

**നം. എ2/2158/2023** തീയതി : 29.11.2023

**<u>ലേലപരസ്യം/ക്വട്ടേഷൻ</u>**

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പുതിയ കാന്റീൻ കെട്ടിടത്തിൽ 01.01.2024 മുതൽ 31.12.2024 വരെയുള്ള കാലയളവിൽ കാന്റീൻ നടത്തുന്നതിനുള്ള അവകാശം **14.12.2023** വ്യാഴാഴ്ച പകൽ 11.30 മണിക്ക് സൂപ്രണ്ടിന്റെ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

1. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 5000/- രൂപാ 14/12/2023, പകൽ 11.00 ന് മുമ്പ് നിരത ദ്രവ്യമായി ഓഫിസിൽ അടയ്ക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് "HOSPITAL DEVELOPMENT COMMITTEE GENERAL HOSPITAL KANJIRAPPALLY " എന്ന പേരിൽ പൊൻകുന്നം SBI-യിൽ മാറാവുന്ന 5000/- രൂപയുടെ ഡി.ഡി (EMD) സഹിതം മുദ്ര വച്ച കവറിൽ 14/12/2023 ന് പകൽ 11.00 ന് മുൻപായി ക്വട്ടേഷൻ നൽകാവുന്നതാണ്. EMD ഇല്ലാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
3. മുദ്ര വച്ച് ലഭിച്ച കവറുകൾ തുറന്നതിനുശേഷം മാത്രമായിരിക്കും ലേല തുക ഉറപ്പിക്കുന്നത്.
4. എറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും, മൂന്ന് മാസത്തെ വാടക അഡ്വാൻസ് ആയി അടയ്ക്കേണ്ടതും ഇതിൽ ഒരു മാസത്തെ തുക അന്ന് തന്നെ ഓഫീസിൽ അടയ്ക്കുകയും ബാക്കി 2മാസത്തെ തുക 7ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കളുടെ ലേലം സ്ഥിരത അസാധു ആകുന്നതുമാണ്. ഒരോ മാസത്തെ വാടക അതാതു മാസവസാനം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള കരാർ 200/- രൂപാ മുദ്രപ്പത്രത്തിൽ എഴുതി സമർപ്പിച്ച ശേഷം മാത്രമേ കാന്റീൻ തുടങ്ങുന്നതിന് അനുവദിക്കുകയുള്ളൂ.
5. ലേലം തുടങ്ങുന്നതിന് മുമ്പ് പുതിയ കാന്റീൻ കെട്ടിടത്തിന്റെ നിജ സ്ഥിതി ബോധ്യപ്പെട്ടു മനസിലാക്കേണ്ടതുമാണ്.
6. അഡ്വാൻസായി അടച്ച തുക നിലവിലെ കരാർ അവസാനിച്ചതിനുശേഷമേ തിരിച്ച് നൽകുകയുള്ളൂ.
7. കറന്റ് ചാർജ്, വാട്ടർ ചാർജ് കരാറുകാരൻ വഹിക്കേണ്ടതാണ്. വൈദ്യുതി ചാർജ് അതാതു മാസം തന്നെ അടച്ച് രസീത് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്. മേലരുവി പമ്പ് ഹൗസിൽ വെള്ളം ഉണ്ടെങ്കിൽ മാത്രമേ ജലവിതരണം ഉണ്ടായിരിക്കുകയുള്ളൂ.
8. കാന്റീൻ ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലവും പരിസരവും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
9. കാന്റീനിൽ നിന്നും എച്ച്.ഡി.സി. ജീവനക്കാർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും ഇതോടനുബന്ധമായി ചേർത്തിട്ടുള്ള നിരക്കുകളിൽ ആഹാരം വിതരണം ചെയ്യേണ്ടതാണ്.
10. ജീവനക്കാർക്ക് പ്രത്യേകമായി തിരിച്ചിട്ടുള്ള സ്ഥലത്ത് യാതൊരു കാരണവശാലും മറ്റാർക്കും ആഹാരം കൊടുക്കുവാൻ പാടില്ല.
11. കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം മാത്രം വിതരണം ചെയ്യാൻ പാടുള്ളൂ.

12. കാന്റീനിൽ ആഹാരസാധനങ്ങൾ മാത്രമേ വിതരണം ചെയ്യുവാൻ പാടുള്ളൂ.
13. കരാറുകാരൻ പഞ്ചായത്തിൽ നിന്നും പി.എഫ്.എ. ലൈസൻസ് എടുക്കേണ്ടതാണ്. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
14. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
15. കാന്റീൻ പ്രവർത്തനം മൂലം ആശുപത്രി ജീവനക്കാർക്കോ മറ്റുള്ളവർക്കോ യാതൊരുവിധ അസൗകര്യങ്ങളും ഉണ്ടാകുവാൻ പാടില്ല.
16. ജലവിതരണത്തിനുള്ള ടാപ്പുകളുടെ ചോർച്ച മാറ്റുക, വൈദ്യുതി ബൾബുകൾ ഇടുക എന്നിവ കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
17. കാന്റിന്റെ പ്രവർത്തനത്തിനായി നടത്തുന്ന മറ്റ് വർക്കുകൾ സൂപ്രണ്ടിന്റെ അനുവാദത്തോടു കൂടി നടത്തുകയും ആയതിന്റെ ചെലവ് കരാറുകാരൻ സ്വന്തമായി വഹിക്കേണ്ടതാണ്. കാന്റീൻ കെട്ടിടത്തിനു യാതൊരുവിധ കേടുപാടോ നാശനഷ്ടമോ വരുത്തുവാൻ പാടില്ല.
18. ലേലം സ്ഥിരപ്പെടുത്തിയ വ്യക്തി എഴുതിതരുന്ന വാടക യാതൊരു കാരണവശാലും കരാർ കാലയളവിൽ കുറച്ചുകൊടുക്കുന്നതല്ല.
19. ആശുപത്രി ഡ്യൂട്ടി സമയത്ത് പ്രത്യേക സാഹചര്യത്തിൽ ജീവനക്കാർക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്യേണ്ടതാണ്.
20. കാന്റീനിൽ ഉണ്ടാകുന്ന ഉച്ഛിഷ്ടങ്ങൾ ഉൾപ്പെടെ മിച്ചം വരുന്ന സാധനങ്ങൾ കരാറുകാരൻ സ്വന്തം ചെലവിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
21. ആഹാരസാധനങ്ങളുടെ ഗുണ നിലവാരം നിലനിർത്തേണ്ടതാണ്.
22. മേൽ വിവരിച്ച വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ കാന്റീൻ അടച്ചു പൂട്ടിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.
23. ആശുപത്രിയിൽ രോഗികൾക്ക് സൗജന്യഭക്ഷണം വിതരണം ചെയ്യുന്നതിന് ആവശ്യപ്പെട്ടാൽ അത് അനുവദിക്കുന്നതാണ്.
24. ആശുപത്രിയിലെ പ്രോഗ്രാമുകൾക്ക് ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്.
25. ലേലം മാറ്റി വയ്ക്കുന്നതിനും, റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
26. കിച്ചൻ ആശുപത്രി കാത്ത് ലാബിനും, വാർഡ്-നും അടത്തായതിനാൽ LPG/Biogas ഉപയോഗിച്ച് മാത്രമേ ഭക്ഷണം പാചകം ചെയ്യാൻ പാടുള്ള.
27. നിബന്ധനകൾക്ക് വിധേയമായി സൂപ്രണ്ടിന്റെ മുൻകൂർ അനുമതിയോടെ വാർഡുകളിൽ നിശ്ചിത സമയം ട്രോളിയിൽ ഭക്ഷണം വിതരണവും ചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ സൂപ്രണ്ടിന്റെ അനുമതിയോടെ ആശുപത്രി കെട്ടിടത്തിനുള്ളിൽ കഫറ്റീരിയ തുടങ്ങാവുന്നതാണ്.

അടങ്കൽ തുക 87,180/-രൂപ

Sd/-
സൂപ്രണ്ട്.
Superintendent
General Hospital
Kanjirappally
30/11

പകർപ്പ് :

1. ചിറക്കടവ് ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്.
2. വാഴൂർ ബ്ളോക്ക് പഞ്ചായത്ത് നോട്ടീസ് ബോർഡ്.
3. സിവിൽ സ്റ്റേഷൻ, കാഞ്ഞിരപ്പള്ളി.
4. സബ്ട്രഷറി, പൊൻകുന്നം.
5. ആശുപത്രി നോട്ടീസ് ബോർഡ്.
6. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
7. ഫയൽ.

GENERAL HOSPITAL
...ALLY